സ.ഉ.(സാധാ) നം.273/2024/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ- ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ അനുവദനീയ തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ബുക്ക് ലെറ്റ് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ.(സാധാ) നം.273/2024/HEDN തീയതി,തിരുവനന്തപുരം, 26-02-2024

പരാമർശം:-
1. സ.ഉ.(കൈ) നം. 155/2020/ഉവിവ തീയതി 01.04.2020.
2. സ.ഉ.(കൈ) നം. 471/2020/ഉവിവ തീയതി 30.12.2020.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.02.2022-ലെ ഡി6/20114/2021/കോ.വി.വ നമ്പർ കത്ത്.
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 24.12.2021, 26.05.2023 തീയതികളിലെ ഡി4/12397/2020/കോ.വി.വ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപക തസ്തികകളുടെ ജോലി ഭാരം ആഴ്ചയിൽ 16 മണിക്കൂറായി നിശ്ചയിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എയ്ഡഡ് കോളേജുകളിലെ അനുവദനീയ അദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കൃത്യത വരുത്തുന്നതിനായി 16 മണിക്കൂറിൽ കുറവ് ജോലി ഭാരം ഉള്ള തസ്തികകൾ സംബന്ധിച്ച വിശദ വിവരങ്ങൾ വിവിധ കോളേജുകളിൽ നിന്ന് വിവര ശേഖരണം നടത്തി മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിച്ച് തയ്യാറാക്കി നൽകിയ ജോലി ഭാരപ്പട്ടിക, ചില സ്ഥാപനങ്ങളും വ്യക്തികളും കോളേജുകളും സമർപ്പിച്ച പരാതികൾ എന്നിവ പരിശോധിച്ച് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അനുവദനീയ അദ്ധ്യാപക തസ്തികകളുടേയും അധിക തസ്തികകളുടേയും ഒഴിവാക്കേണ്ട തസ്തികകളുടേയും എണ്ണം നിജപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ ബുക്ക് ലെറ്റ് പരാമർശം (4) പ്രകാരം അംഗീകാരത്തിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ കോളേജുകളിൽ നിന്ന് വിവര ശേഖരണം നടത്തി മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിച്ച് തയ്യാറാക്കി നൽകിയ ജോലി ഭാരപ്പട്ടിക, ചില സ്ഥാപനങ്ങളും വ്യക്തികളും കോളേജുകളും സമർപ്പിച്ച പരാതികൾ എന്നിവ

പരിശോധിച്ച് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അനുവദനീയ അധ്യാപക തസ്തികകളുടേയും അധിക തസ്തികകളുടേയും ഒഴിവാക്കേണ്ട തസ്തികകളുടേയും എണ്ണം നിജപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച ബുക്ക് ലെറ്റ് അംഗീകരിച്ചു കൊണ്ട് ഉത്തരവാകുന്നു. ഈ ബുക്ക് ലെറ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡീഷണൽ സെക്രട്ടറി

✓കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, (കേരള/ എം.ജി/ കാലിക്കറ്റ്/ കണ്ണൂർ) സർവ്വകലാശാല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, (കൊല്ലം/ കോട്ടയം/ എറണാകുളം/ തൃശൂർ/ കോഴിക്കോട്)
ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
**www.highereducation.kerala.gov.in**
കരുതൽ പകർപ്പ് (ഡി2/120/2022/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Suryasree S
സെക്ഷൻ ഓഫീസർ
Date: 26-02-2024 14:47:04